## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതിയായ RGSA യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ DPRC നിർമ്മാണത്തിനായി പാലക്കാട് എക്സിക്യൂട്ടീവ് എൻജിനിയറുടെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന കേന്ദ്ര ഫണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുക തിരികെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2226/2019/തസ്വഭവ                    തിരുവനന്തപുരം, തീയതി: 10/10/2019

---

പരാമർശം:-
1. 28.03.2018 ലെ സ.ഉ.(അച്ചടി) നം. 51/2018/ധന. ഉത്തരവ്
2. 3/04/2018 ലെ സർക്കുലർ നമ്പർ 25/2018 ധന.
3. പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനിയറുടെ 05.02.2019 തീയതിയിലെ JS/Accounts/18 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2019 തീയതിയിലെ PAN/21870/2018-J4(D) നമ്പർ കത്ത്.

### ഉത്തരവ്

കേന്ദ്രാവിഷ്കൃത പദ്ധതിയായ RGSA യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിർമ്മിക്കുന്ന DPRC നിർമ്മാണത്തിനായി പാലക്കാട് എക്സിക്യൂട്ടീവ് എൻജിനിയറുടെ STSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന കേന്ദ്ര ഫണ്ടായ 2 കോടി രൂപയിൽ നിന്നും 1,77,72,760 /- രൂപ പരാമർശം (1) ലെ ഉത്തരവ് പ്രകാരം സർക്കാർ പിൻവലിച്ചിരുന്നു. ആയത് തിരികെ ലഭ്യമാക്കണമെന്ന പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ പരാമർശം (3) ലെ കത്ത് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ RGSA യിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ നിർമ്മിക്കുന്ന DPRC നിർമ്മാണത്തിനായി പാലക്കാട് എക്സിക്യൂട്ടീവ് എൻജിനിയറുടെ STSB അക്കൗണ്ടിൽ (നമ്പർ 714011400000439) നിക്ഷേപിച്ചിരുന്ന കേന്ദ്ര ഫണ്ടായ 2 കോടി രൂപയിൽ നിന്നും സർക്കാർ പിൻവലിച്ച 1,77,72,760/- രൂപ (ഒരു കോടി എഴുപത്തേഴ് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എഴുനൂറ്റി അറുപത് രൂപ) പരാമർശം (2) ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ, 2515-00-101-56-RGSA എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനിയറിംഗ് വിഭാഗം, പാലക്കാട്
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ